

# SSLC MARCH 2025. MALAYALAM -1
# ANSWER KEY

**KEY BY :SURESH AREEKODE.GVHSS KIZHUPARAMBA.PH:9562521509**

| | | |
|---|---|---|
| 1. | ആവശ്യസമയത്ത് മുദ്രമോതിരം ഉപകാരപ്പെടാത്തതിനാൽ | 1 |
| 2. | യുദ്ധമുറകൾ തെറ്റിച്ച് പാണ്ഡവർ നേടിയ വിജയം | 1 |
| 3. | പണത്തേക്കാൾ മൂല്യമേറിയതാണ് സത്യസന്ധത | 1 |
| 4. | വൃദ്ധയായ മാതാവ് | 1 |
| 5. | പദവി | 1 |
| 6. | • വില്ലാളിവീരനായ കൗരവ രാജാവായിരുന്ന ദുര്യോധനന് ദയനീയമായ അന്ത്യം ഏറ്റുവാങ്ങേണ്ടിവന്നു<br>• യുദ്ധം മനുഷ്യരാശിക്കു ഉണ്ടാക്കുന്ന ദുരന്തങ്ങൾ<br>• യുദ്ധങ്ങൾ **മനുഷ്യനും** പ്രകൃതിക്കും ഈ ഭൂമിക്കും ഏൽപ്പിക്കുന്ന ആഘാതങ്ങൾ [2 സൂചന] | 2 |
| 7. | • ദ്വിതീയാക്ഷരപ്രാസം, അന്ത്യപ്രാസം [1,3 വരികൾ ,2,4 വരികൾ ]<br>• ഉപമാലങ്കാരം: കരഞ്ഞു കലങ്ങിയ നളിനിടെ മുഖത്തെ, പ്രഭാതത്തിൽ മഞ്ഞു കണങ്ങൾ പറ്റിയ പനിനീർ പൂവിനോട് സാദൃശ്യപ്പെടുത്തുന്നു<br>• സൂര്യൻ ഉദിച്ചപ്പോൾ പനിനീർ പൂവിലെ മഞ്ഞുകണങ്ങൾ ബാഷ്പീകരിച്ചു പോയതുപോലെ ദിവാകരനെ കണ്ടപ്പോൾ നളിനിയുടെ മുഖത്തുണ്ടായ പ്രസന്നത [2 സൂചന] | 2 |
| 8. | • പാഴ് ചിപ്പി : മുത്ത് നഷ്ടപ്പെട്ട ചിപ്പിയെ സൂചിപ്പിക്കുന്നു<br>• മകനെ നഷ്ടപ്പെട്ട അമ്മയെ പാഴ് ചിപ്പിയായി കൽപ്പിച്ചിരിക്കുന്നു<br>• യേശുവിനെ നഷ്ടപ്പെട്ട കന്യാമറിയത്തെ പാഴ് ചിപ്പിയോട് സാദൃശ്യപ്പെടുത്തിയിരിക്കുന്നു [2 സൂചന] | 2 |
| 9. | • എഴുത്തച്ഛൻറെ വരികളുടെ അർത്ഥം കണ്ടെത്തിയിട്ടുണ്ട്<br>• ക്രോധം ധർമ്മക്ഷയത്തിന് കാരണമാകുന്നു<br>• അറിവുള്ളവർ ക്രോധം ഉപേക്ഷിക്കണം<br>• പത്രവാർത്തകൾ ,ആനുകാലിക സംഭവങ്ങൾ എന്നിവ ചേർത്ത് അവതരണം<br>**[യുദ്ധം ,വിദ്യാർത്ഥികൾ തമ്മിലുള്ള നിസ്സാര പ്രശ്നങ്ങൾ. അതിൻറെ പേരുണ്ടാകുന്ന അക്രമങ്ങൾ എന്നിവ സൂചിപ്പിക്കണം]** | 4 |
| 10. | • പൊതിച്ചോറ് വെള്ളായിക്കു വേണ്ടി കോടച്ചി - ഭാര്യ കൊടുക്കുന്നത്<br>• അമ്മയുടെ സങ്കടം പൊതിച്ചോറിൽ കണ്ണുനീരായി വീഴുന്നത്<br>• പൊതിച്ചോറ് വെള്ളായിയപ്പന്റെ, മകനോടുള്ള കരുതലും സ്നേഹവും ആയി മാറുന്നത്<br>• പൊതിച്ചോറ് കടൽത്തീരത്ത് ബലിച്ചോറായി പരിണമിക്കുന്നത്<br>• പൊതിച്ചോറ് - കടൽത്തീരത്ത് എന്ന തലക്കെട്ടിന് ഔചിത്യം നൽകുന്നത് | 4 |

sureshareekode

| | | |
|---|---|---|
| | • പൊതിച്ചോറ് നിസ്സഹായൻ്റെ നിലവിളിയായി പരിണമിക്കുന്നത് | |
| 11. | • പുഷ്കരൻ്റെ അപകർഷബോധം<br>• രാജത്വ ചിഹ്നങ്ങൾ ഇല്ലാത്തതിൻ്റെ ദൈന്യത<br>• നളനോടുള്ള അസൂയ- രാജാവിനെ ചെന്ന് കാണുന്നതും രാജാവ് കാര്യങ്ങൾ സാധിപ്പിച്ചു<br>• കൊടുക്കുന്നതിലുമുള്ള പുഷ്കരൻ്റെ അസ്വാസ്ഥ്യം, അമർഷം<br>• പുഷ്കരൻ്റെ അസംതൃപ്തി | 4 |
| 12. | **സ്വാഭിപ്രായ കുറിപ്പ്**<br>• യോജിക്കുന്നു<br>• ബന്ധങ്ങൾ വളരാൻ പരസ്പരമുള്ള തിരിച്ചറിവും ആവശ്യം<br>• മിസ്സിസ് തലത്ത് മക്കളെ പ്രസവിച്ചു - പക്ഷേ അവരെ ലാളിച്ചില്ല.<br>• അമ്മയ്ക്കും മക്കൾക്കും ഇടയിൽ ആത്മബന്ധമില്ലാതെ പോയി<br>• **പുതിയകാലം:** രക്ഷിതാക്കൾ നോക്കിയാലും ബന്ധങ്ങളിൽ നിന്നും അകന്നു പോകുന്നത്<br>• വൃദ്ധസദനങ്ങൾ പെരുകുന്നത് | 4 |
| 13. | • മെത്രാൻ കാണിക്കുന്ന കനിവിൽ അത്ഭുതപ്പെടുന്ന കുറ്റവാളി<br>• പോലീസുകാരുടെ മുമ്പിൽ വെച്ചുള്ള മെത്രാൻ്റെ ഉചിതമായ ഇടപെടൽ നേർക്കാഴ്ച നൽകും<br>• സത്യസന്ധതയുടെയും മനുഷ്യത്വത്തിൻ്റെയും പ്രതീകമായ മെത്രാൻ മെഴുതിരി കാലുകൾ നൽകിയത് -അദ്ദേഹത്തിൽ കുറ്റബോധം ഉണ്ടാക്കും.<br>• പശ്ചാത്തപിക്കാൻ ഇട നൽകും<br>• ഴാങ്ങിൽ തിന്മ ഇല്ലാതാക്കാൻ സഹായിക്കും<br>• തൻറെ നന്മ ആഗ്രഹിക്കുന്നവർ ഉണ്ടെങ്കിൽ ആരും തിന്മയിലേക്ക് വഴുതിവീഴില്ലെന്ന പാഠം ഉൾക്കൊള്ളുന്നു | 4 |
| 14. | • ദുരന്തങ്ങൾക്കിടയിലും സമൂഹത്തിന് പ്രത്യാശ നൽകുന്ന കഥാപാത്രം<br>• ജീവിതത്തെ പ്രസാദാത്മകമായി കാണുന്നു<br>• പുതിയതായി എഴുതാൻ തുടങ്ങുന്ന നോവലിലൂടെ നന്മയുടെ മൂർത്തിയായ ഒരു ശുദ്ധാത്മാവിനെ സൃഷ്ടിക്കുക എന്ന ലക്ഷ്യം<br>• ജീവിതത്തിൻറെ മൂല്യം ആഴത്തിൽ ബോധ്യപ്പെടുന്ന കഥാപാത്രമായി മാറുന്നു. എല്ലാത്തിനെയും വ്യത്യസ്തമായി നോക്കിക്കാണുന്ന പ്രവണത<br>• എഴുത്തിലൂടെ നന്മയുടെ ലോകം സൃഷ്ടിക്കാനുള്ള ആഗ്രഹം<br>• എഴുത്ത് ഉറന്നിടുന്ന പ്രശാന്തത<br>• ജീവിത ദുരന്തങ്ങളെ എഴുത്തിലൂടെ അതിജീവിക്കാൻ ശ്രമിക്കുന്ന വ്യക്തിത്വം | 4 |
| 15. | **പ്രഭാഷണ ഘടന പാലിച്ചിട്ടുണ്ട്**<br>**സംബോധന**<br>**തുടക്കം**<br>**പ്രധാനാശയങ്ങൾ**<br>**പരിഹാര നിർദേശങ്ങൾ ചേർത്തിട്ടുണ്ട്** | 6 |

suresh areekode

| | | |
|---|---|---|
| | • പട്ടിണിയും ദാരിദ്ര്യവുമായി കഴിയുന്നവരും മനുഷ്യരാണ്.<br>• ജീവിതസാഹചര്യങ്ങളാണ്അവരെ ദുർബലരാക്കുന്നത്.<br>• നിത്യവൃത്തിക്കായി പ്രയാസപ്പെടുന്നവർക്കു കടലാസിന്റെ വില പോലും ഇല്ലാത്തവർ<br>**പരിഹാര നിർദേശങ്ങൾ:** സാമൂഹ്യമായ വേർതിരിവില്ലാത്ത സമൂഹം വളർന്നു വരണം<br>• ജാതി,വർണ്ണവിവേചനം ഉന്മൂലനം ചെയ്യണം<br>• വിദ്യാഭ്യാസം നൽകണം - വിദ്യാ നിഷേധം പാടില്ല .<br>• അവസരങ്ങൾ നൽകണം -അവസര നിഷേധം പാടില്ല<br>• ജനാധിപത്യ മൂല്യങ്ങൾ , മാനവിക മൂല്യങ്ങൾ എന്നിവയിൽ അധിഷ്ഠിതമായ സാമൂഹ്യാന്തരീക്ഷത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുന്ന അവതരണം | |
| 16 | **കഥാപാത്രത്തെ പരിചയപ്പെടുത്തിയിട്ടുണ്ട്**<br>**സവിശേഷതകൾ കണ്ടെത്തിയിട്ടുണ്ട്**<br>**കഥാപാത്രത്തിന്റെ പ്രസക്തി സൂചിപ്പിച്ചിട്ടുണ്ട്.**<br>• ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ പ്രധാന കഥാപാത്രം<br>• ദരിദ്ര കുടുംബത്തിലെ ഗൃഹ നായിക<br>• ഭർത്താവ് മിറലിന്റെ തിരിച്ചുവരാത്ത യാത്രയിൽ അതീവ ദുഃഖിത<br>• ദുഃഖം മറ്റുള്ളവർക്കു മുമ്പിൽ പ്രകടമാക്കാതെ ശ്രദ്ധിക്കുന്നു<br>• ഭർത്താവിനു വേണ്ടി മാത്രമല്ല ഖനിയിൽ ജോലി ചെയ്യുന്ന മറ്റുള്ളവർക്ക് വേണ്ടിയും പ്രാർത്ഥിക്കുന്നു<br>• പ്രാർത്ഥനയിൽ സ്വാർത്ഥത കലർന്നപ്പോൾ അത് തിരുത്തുന്നു<br>• സ്വന്തം രക്ഷിതാക്കളോടുള്ള കടം /കടമ നിർവഹിക്കാൻ കഴിയാത്തതിൽ ഉള്ള ആധി അങ്കലാപ്പ് പങ്കിടുന്ന ഗൃഹനായിക<br>• തീവ്ര ദുഃഖത്തിന്റെ പ്രതിനിധിയായി ഭർത്താവിൻറെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി ഉറഞ്ഞുപോകുന്ന കഥാപാത്രമായി മാറുന്നു | 6 |
| 17. | **തലക്കെട്ട്**<br>**കവിത ,കവി പരിചയം**<br>**ആസ്വാദനാംശങ്ങൾ കണ്ടെത്തിയിട്ടുണ്ട്**<br>**ലളിതമായ ഭാഷയിലുള്ള അവതരണം**<br>• പഴയകാല നന്മകൾക്ക് നന്ദി പറയുന്നത് പ്രധാന ആശയം<br>• ഗ്രാമ ജീവിത വിശുദ്ധികൾ ഉൾപ്പെടുന്നത്<br>• ഭൂതകാലത്തിലെ പച്ചപ്പുള്ള ഓർമകൾ<br>• പ്രകൃതിയും പ്രകൃതിയിലെ തനിമകളും നൽകിയ ജീവിതവും സാർത്ഥകമായത്.<br>• മാനവികമൂല്യങ്ങളാൽ സമ്പന്നമായ ഒരു കാലത്തെ സൂചിപ്പിക്കുന്നു<br>**ആൻകാലികപ്രസക്തി:** പ്രകൃതി നേരിടുന്ന കയ്യേറ്റങ്ങൾ<br>• തനിമകൾ നഷ്ടപ്പെടുന്നത്<br>• പുതിയകാലം - മനുഷ്യൻറെ കാഴ്ചപ്പാട്<br>• മൂല്യങ്ങൾ ഇന്ന് അന്യമാകുമ്പോൾ ലഭിച്ചതിന് നന്ദി പറയേണ്ട അവസ്ഥ | 6 |

Suresh areekode

**VISIT my YOU TUBE ,*mukulam malayalam* for more resources**